"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഹോമിയോപ്പതി - സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ-ഫാർമസി (ഹോമിയോ) കോഴ്സിന് അഡ്മിഷൻ നേടിയ കുമാരി അജിശ്രീ എം-ന് ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക അടക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.406/2026/AYUSH തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1 ബഹു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ **04/03/2025**-ലെ **3728/A4/2024/KKD/KSCSC&ST** നമ്പർ കത്ത്.

2. ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസറുടെ **22/04/2025, 23/09/2025, 04/11/2025** എന്നീ തീയതികളിലെ **2256/C4/2024/**ജി.എച്ച്.എം.സി.റ്റി. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ-ഫാർമസി (ഹോമിയോ) യ്ക്ക് **2017** -ൽ അഡ്മിഷൻ നേടിയ കുമാരി അജിശ്രീ എം. - എന്ന വിദ്യാർത്ഥിനി, പ്രസ്തുത കോഴ്സ് ഇടയ്ക്കു വച്ച് നിർത്തിയതിനാൽ ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ **50,000/-** രൂപ അടക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നേരിടുകയും, തുടർന്ന് ഇതിനെതിരേ ടിയാൾ ബഹു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനെ സമീപിക്കുകയുണ്ടായി. പ്രസ്തുത തുക അടക്കുന്നതിൽ നിന്നും പരമാവധി ഇളവ് അനുവദിക്കുന്നതിന് പരാമർശം **(1)** പ്രകാരം ബഹു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ, **2017-18** ൽ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം (ഖണ്ഡിക **11.2(A)**) ലിക്വിഡേറ്റഡ് ഡാമേജസ് തുക അടക്കാൻ ടിയാൾ ബാധ്യസ്ഥയാണെന്നും, പരാമർശം **(1)** ലെ നിർദ്ദേശം പാലിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമായതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം ലഭ്യമാക്കണമെന്നും പരാമർശം **(2)** പ്രകാരം പ്രിൻസിപ്പൽ **&** കൺട്രോളിംഗ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ-

ഫാർമസി (ഹോമിയോ) യ്ക്ക് 2017 -ൽ അഡ്മിഷൻ നേടിയ കുമാരി അജിശ്രീ എം. കോഴ്സ് ഇടയ്ക്കു വച്ച് നിർത്തിയതിനാൽ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ വ്യവസ്ഥ പ്രകാരം 'ലിക്വിഡേറ്റഡ് ഡാമേജസ്' ഇനത്തിൽ 50,000/- രൂപ അടയ്ക്കണമെന്ന നിബന്ധനയിൽ, മാനുഷിക പരിഗണന മുൻനിർത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇളവ് വരുത്തി തുക അടയ്ക്കുന്നതിൽ നിന്നും ടിയാൾക്ക് ഇളവ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VIJAIRAJ J
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം
2) പ്രിൻസിപ്പൽ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട്
3) രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ, തിരുവനന്തപുരം
4) ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (06/07/2026-ലെ 3226977/HLT-B1/138/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6) കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (AYU-C2/58/2025-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Khan M. Jahangir
Date: 18-08-2026
18:00:42

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. - യ്ക്ക്
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്